# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1408 — 06/03/2020-ൽ മറുപടിയ്ക്ക്

### ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീട്ടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ; | എ) | സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതിയിൽ നാളിതു വരെ മിഷൻ മുഖേന 191956 വീടുകളും പട്ടികജാതി വകുപ്പ് മുഖേന 18874 വീടുകളും പട്ടിക വർഗ്ഗ വകുപ്പ് മുഖേന 972 വീടുകളും ഫിഷറീസ് വകുപ്പ് മുഖേന 3725 വീടുകളും ഉൾപ്പെടെ ആകെ 2,15,527 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) | ലൈഫ് മിഷൻ പദ്ധതി പ്രകാരം ഇനി പൂർത്തീകരിക്കാനുള്ള വീടുകൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; | ബി) | ലൈഫ് മിഷൻ പദ്ധതി പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി കരാറിൽ എർപ്പെട്ട് ഭവന നിർമ്മാണം തുടങ്ങിയ ഗുണഭോക്താക്കളുടെ വീടുകൾ 2020 മെയ് 31 നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| സി) | പ്രസ്തുത പദ്ധതിയിൻ കീഴിൽ വീടുകൾ റിപ്പയർ ചെയ്യുന്നതിനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | സി) | നിലവിൽ പ്രത്യേക പദ്ധതികളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ